# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 16

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും രണ്ടാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഡിസംബർ ഒന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 19 വരെയും 525 രൂപ പിഴയോടെ 20 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും സപ്ലിമെന്ററി വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/1159/2020)

ഒന്നാം സെമസ്റ്റർ എം.എസ്‌സി. ആക്ച്വറിയൽ സയൻസ് (2019 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ആക്ച്വറിയൽ കമ്പ്യൂട്ടിംഗ് 1 എന്ന പേപ്പറിന്റെ പരീക്ഷ നവംബർ 19ന് നടക്കും.

(പി.ആർ.ഒ/39/1160/2020)

## പരീക്ഷസെന്റർ മാറ്റത്തിന് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്)/ഒൻപതാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. (സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) നവംബർ 2020 പരീക്ഷകൾക്ക് പരീക്ഷസെന്റർ മാറ്റം ആഗ്രഹിക്കുന്നവർ സർവകലാശാല വെബ്‌സൈറ്റിലെ https://forms.gle/adbvRvPkhbA7nEo88 എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി ഇന്ന് (നവംബർ 17) ഉച്ചകഴിഞ്ഞ് ഒരു മണിക്ക് മുമ്പായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/1161/2020)

## ബി.എ., ബി.കോം. പ്രൈവറ്റ് പരീക്ഷ കേന്ദ്രം

മഹാത്മാഗാന്ധി സർവകലാശാല നവംബർ 18 മുതൽ നടത്തുന്ന അഞ്ച്, ആറ് സെമസ്റ്റർ ബി.എ., ബി.കോം. പ്രൈവറ്റ് രജിസ്‌ട്രേഷൻ(സപ്ലിമെന്ററി, മേഴ്‌സി ചാൻസ്) പരീക്ഷകൾക്ക് പരീക്ഷ കേന്ദ്രം അനുവദിച്ചു. വിശദവിവരം www.mgu.ac.in എന്ന വെബ്‌സൈറ്റിലെ എക്‌സാം നോട്ടിഫിക്കേഷൻസ് എന്ന ലിങ്കിൽ ലഭിക്കും. വിദ്യാർഥികൾ അനുവദിക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ നിന്ന് ഹാൾ ടിക്കറ്റ് കൈപ്പറ്റി പരീക്ഷയെഴുതണം. ഹാൾടിക്കറ്റ് വിതരണം നവംബർ 17ന് ആരംഭിക്കും.

(പി.ആർ.ഒ/39/1162/2020)

## പ്രത്യേക പരീക്ഷകേന്ദ്രങ്ങളില്ല

മഹാത്മാഗാന്ധി സർവകലാശാല ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന പരീക്ഷകൾക്ക് സർവകലാശാലയുടെ പ്രവർത്തനപരിധിക്ക് പുറത്ത് പരീക്ഷകേന്ദ്രങ്ങൾ അനുവദിക്കില്ല. റഗുലർ/സപ്ലിമെന്ററി വിദ്യാർഥികൾ അവരവരുടെ കോളേജുകളിലെ പരീക്ഷകേന്ദ്രങ്ങളിലും പ്രൈവറ്റ്

രജിസ്ട്രേഷൻ വിദ്യാർഥികൾ സർവകലാശാല വെബ്സൈറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പരീക്ഷകേന്ദ്രങ്ങളിലും പരീക്ഷയ്ക്ക് എത്തണം.

(പി.ആർ.ഒ/39/1163/2020)

## പി.ജി. പ്രവേശന പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് പഠനവകുപ്പിൽ 2020-22 അധ്യയനവർഷത്തെ പി.ജി. പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള പട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1164/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. സുവോളജി (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1165/2020)

2020 ജനവരിയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന 2018-2020 ബാച്ച് മൂന്നാം സെമസ്റ്റർ എം.എസ് സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1166/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. ഫിസിക്സ് (മെറ്റീരിയൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 27 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1167/2020)

## പോളിമർ സയൻസിന്റെ നൂറാം വാർഷികാഘോഷം; രാജ്യാന്തര ഓൺലൈൻ കോൺഫറൻസ് സമാപിച്ചു

പോളിമർ സയൻസിന്റെ നൂറാംവാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും പോളണ്ടിലെ ഡിഡാൻസ്ക് ടെക്നോളജി സർവകലാശാലയും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര ഓൺലൈൻ സമ്മേളനം സമാപിച്ചു. 'പോളിമർ സയൻസിന്റെ നൂറുവർഷങ്ങൾ; ഭൂതകാലവും ഭാവിയും' എന്ന വിഷയത്തിൽ നടന്ന കോൺഫറൻസ് ഗവേഷണമേഖലയിൽ കൂടുതൽ സഹകരണം ഉറപ്പാക്കാൻ തീരുമാനമെടുത്താണ് സമാപിച്ചത്.

മാക്രോമോളിക്കുലാർ സയൻസിന്റെയും പോളിമർ സയൻസിന്റെയും വളർച്ചയുടെ ചരിത്രവും നേരിടുന്ന പ്രതിസന്ധികളും അവസരങ്ങളും ചർച്ചചെയ്ത കോൺഫറൻസിൽ വിവിധ വിഷയങ്ങളിൽ 30 രാജ്യങ്ങളിൽനിന്നുള്ള അറുപതിലേറെ പ്രഭാഷണങ്ങളും വിദ്യാർഥികളുടെ പോസ്റ്റർ പ്രദർശനവും നടന്നു. കോൺഫറൻസിൽ ജർമനി, ജപ്പാൻ, അമേരിക്ക, കാനഡ, ഫ്രാൻസ്, സ്വീഡൻ, ഓസ്ട്രിയ, സെനഗൽ, നേപ്പാൾ, ബ്രസീൽ, പോളണ്ട്, ചൈന തുടങ്ങി വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുത്തു. സമാപന സമ്മേളനത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജിയിലെ പ്രൊഫ. കെ. ജോസഫ് അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ/39/1168/2020)

## പിഎച്ച്.ഡി. പ്രവേശന പരീക്ഷ; അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയിൽ പിഎച്ച്.ഡി. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള തീയതി നവംബർ 18ന് വൈകീട്ട് അഞ്ചുവരെ നീട്ടി. വിശദവിവരത്തിന് www.phd.mgu.ac.in സന്ദർശിക്കുക. ഫോൺ: 0481-2732947.

(പി.ആർ.ഒ/39/1169/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ